T61
B44

XVIII - 51
2133

# വിധിവൈഭവം.

T61
B437

Sr: Mary Benigna C. D.

HOUSE OF STUDIES MANGALORE

KALAAVILASINI PUBLISHING HOUSE
TRIVANDRUM.

DHARMARAM COLLEGE LIBRARY, BANGALORE.
7140

1936.

Copy Right] [As. 8.

FIRST EDITION 600 COPIES.

V. V. Press, Quilon.

XVIII 51
2/33

✝

# വിധിവൈഭവം

HOUSE OF STUDIES, T.O.C.D. MANGALORE

## ഒന്നാം സർഗ്ഗം.

പുരാ വിശ്രുതമായ് മദ്ധ്യ-
ധരണിക്കടലന്തികേ
കനാനെന്നഭിധാനത്തോ-
ടൊരു ദേശം വിളങ്ങിപോൽ. 1

ഫലപുഷ്ടിനിനയ്ക്കുമ്പോ-
ളതിനോടുപമിയ്ക്കുവാൻ
ഒരു ദേശവുമെന്നാളു-
മുലകിൽ കണ്ടുകിട്ടീടാ. 2

മധുവും ക്ഷീരവും ചേർന്ന-
ങ്ങൊഴുകും ദേശമെന്നിദം
അതിനുള്ളൊരു പേരോർത്താൽ
നിതരാമർത്ഥവത്തുതാൻ. 3

കനകക്കംബളം നീളെ
വിരിച്ചിട്ട കണക്കുതാൻ
വിളവൊത്തു ശയിക്കുന്നു
ഗോതമ്പുവയലെങ്ങുമേ. 4

തഴച്ചുഫലവത്തായ
മുന്തിരിച്ചെടിയേററവും
ഇടതൂൎന്നു വളൎന്നുള്ള
തോട്ടങ്ങളതിമോഹനം. 5

ഫലഭാരം വഹിച്ചേററം
തലകുമ്പിട്ടു നിന്നിടും
ഫലവൃക്ഷങ്ങളും കണ്ണി-
ന്നതുലാനന്ദദായകം. 6

ആടു മാടുകൾ പററംചേ-
ൎന്നുല്ലസിച്ചങ്ങു മേഞ്ഞിടും.
പുൽത്തകിടികളും കാണാ-
മെങ്ങുംപച്ച വിരിപ്പുപോൽ. 7

സ്വതസ്സിദ്ധമതായുള്ള
രമണീയതയിൽ പരം
ചരിതാൎത്ഥതയോടേതാൻ
നിലകൊള്ളുന്നു കുന്നുകൾ. 8

അച്ഛസ്ഫടികമെന്നോണം
സ്വച്ഛമായുള്ള വാരിയാൽ
ശോഭയേറും തടാകങ്ങൾ
കാണ്മാനുണ്ടവിടങ്ങളിൽ. 9

ഫലവത്തായൊരാ നാട്ടിൻ-
വിഭവത്തിനു ഹേതുവായ്
ഒഴുകുന്നൊരു ഭാഗത്തു
യോർദ്ദനാൽ നദി മോഹനം. 10

അരികത്തമരും മധ്യ-
ധരണിക്കടലെപ്പൊഴും
അരുളും നല്ല കാറേററു
പെരുകുന്നു സുഖസ്ഥിതി. 11

അതിവൃഷ്ടിയനാവൃഷ്ടി-
യീതിബാധകളൊന്നുമേ
ആ സ്ഥലത്തു ഭവിയ്ക്കാറി-
ല്ലെപ്പൊഴും പൂർണ്ണഭാവുകം. 12

കൃഷികല്പണിചെയ്തിട്ടു-
മാടുമേച്ചിട്ടുമെത്രയും
നിസ്തന്ദ്രശീലരായ് പാരം
തുഷ്ടിയോടവർ മേവിനാർ. 13

അനീതിയക്രമംതൊട്ട
പാപചിന്തകളൊന്നുമേ
ആ ജനാവലിയെത്തീണ്ടാ-
നിടയായില്ലൊരിക്കലും. 14

തങ്കനിർമ്മിതമായുള്ള
ഭൂഷണത്തിനു മുത്തുപോൽ
അവരിൽ പരിശോഭിച്ചാ-
നൊരു ഭക്തശിരോമണി. 15

യാക്കോബെന്നഭിധാനത്താ-
ലറിയപ്പെട്ടമാമഹാൻ
സല്ക്കീർത്തിവെണ്മകൊണ്ടേററം
വെളുപ്പിച്ചിതു ഭൂതലം. 16

ധനവും പുത്രസമ്പത്തും
സുഖവും സുകൃതങ്ങളും
അവനോടതി സഖ്യംപൂ-
ണ്ടൊരുമിച്ചു വസിച്ചിതു. 17

അവനുണ്ടായ പന്ത്രണ്ടു-
പുത്രന്മാരിലുമുത്തമൻ
പതിനൊന്നാമനാം യൌസേ-
പ്പൊരു ദൈവികമാനുഷൻ. 18

അവനോടതിവാത്സല്യം
ജനകന്നുജനിയ്ക്കയാൽ
ജ്യേഷ്ഠസോദരരെല്ലാരു-
മീർഷ്യപൂണ്ടിതവന്റെ മേൽ. 19

താതസന്നിധിയിൽ പാരം
പ്രീതിഭാവം നടിയ്ക്കിലും
ദ്രോഹചിന്തയകക്കാമ്പി-
ലൊതുക്കിക്കരുതീടിനാർ. 20

മുള്ളു വാക്കുകളോതീട്ടും
കളിയാക്കിട്ടുമെപ്പൊഴും
അവനെ വിഷമിപ്പിക്കാൻ
ബദ്ധകങ്കണരായവർ. 21

സഹജാതരിൽ നിന്നേവം
വന്ന ശല്യങ്ങളൊക്കെയും
സാധുവാം ബാലനെപ്പോഴും
സഹിച്ചാനതി ശാന്തനായ്. 22

മതിയിൽ ഖേദഭാരത്തോ-
ടൊരുനാൾ നിദ്രചെയ്യവേ
സ്വപ്നമൊന്നവനുണ്ടായി
ദൈവനിശ്ചയഹേതുവാൽ. 23

അവനും സോദരന്മാരും
വയലിൽ കററ കെട്ടവേ
അവൻ കെട്ടിയൊരാക്കററ-
യെഴുന്നേററങ്ങു നിന്നിതു. 24

മററുകററകളെല്ലാം വ-
ന്നതിന്നേ താണുവീണുടൻ
നമിയ്ക്കും കാഴ്ച കണ്ടേററ-
മത്ഭുതപ്പെട്ടു ബാലകൻ. 25

എതിരേ യെഴുന്നേററിട്ടീ
സ്വപ്നദർശനമോതവേ
അധികം ദ്വേഷമുൾക്കാമ്പി-
ലുജ്ജ്വലിച്ചവരോതിനാർ. 26

"എന്തെടാ നീയുരയ്ക്കുന്നു?
പന്തിയല്ലിതു തെല്ലുമേ,
നാൾക്കുനാൾ നിൻെറ ധിക്കാരം
മുഴുത്തീടുന്നു സത്യമായ്. 27

ഞങ്ങളെല്ലാവരും വന്നു
നിൻെറ പാദം നമിയ്ക്കുയോ?
നാഥനായൊരു കാലത്തു
ഞങ്ങളേ നീ ഭരിയ്ക്കുയോ? 28

അതിമോഹത്തിനാലുള്ളിൽ
കണ്ടൊരാ കാഴ്ചയാണിതു്,
സ്വപ്നമെന്നു പറഞ്ഞീടാൻ
ലജ്ജയില്ലാത്തതത്ഭുതം!'' 29

ശകാരവർഷമീവണ്ണം
പുറപ്പെട്ടവ യൊക്കെയും
മറുവാക്കരിയാടാതെ
കേട്ടിതാ സാധുബാലകൻ. 30

എങ്കിലും ദൈവചിത്തത്തെ
തടുപ്പാനാൎക്കുമാവതോ?
അതിലും മേത്തരം സ്വപ്ന-
മവനുണ്ടായി പിന്നെയും. 31

പങ്കമററമനസ്സാക്ഷി
തങ്കമാനല്ലബാലകൻ
ഭൂതഭാവികളെപ്പററി
നിനയ്ക്കാതേവമോതിനാൻ. 32

"മുൻപിലത്തേതിലും നല്ല
മെച്ചമാം സ്വപ്നമൊന്നു ഞാൻ
ഇന്നലെക്കണ്ടതോതീടാം
കേട്ടുകൊള്ളുവിനേവരും. 33

സൂര്യനും ചന്ദ്രനും നല്ല
ശോഭയേറുമുടുക്കളിൽ
പതിനൊന്നെണ്ണവും ചെന്നി-
ട്ടെൻപദങ്ങൾ വണങ്ങിനാർ.'' 34

ഓമനപ്പുത്രനെന്നാലു-
മീവിധം ചൊന്നവാക്കുകൾ
കേൾക്കവേ തെല്ലുകോപിച്ചി-
ട്ടോതിനാൻ താതനീവിധം. 35

"അർത്ഥമെന്തിതിനെന്നുള്ള-
തോർത്തുകൊണ്ടുരചെയ്കനീ
വ്യർത്ഥമായ് വല്ലതുംചൊന്നാൽ
ബുദ്ധിഹീനതയായ്‌വരും. 36

അമ്മയും സോദരന്മാരും
ഞാനുമീ നിൻപദങ്ങളെ
കൂപ്പുമെന്നു നിനച്ചിട്ടോ
നീയുരയ്ക്കുന്നതീവിധം?" 37

മകനെ താതനീവണ്ണം
ശകാരിച്ചെന്നിരിക്കിലും
സംഭവം വിസ്മരിച്ചീടാൻ
കഴിഞ്ഞില്ലവനെന്നുമേ. 38

സോദരന്മാൎക്കക്കാമ്പിൽ
കുടികൊണ്ടുള്ള വൈരമോ?
കാററു വീശുന്ന വൻകാട്ടി-
ലഗ്നിപോലുജ്ജ്വലിച്ചിതു്. 39

സാധുവായുള്ള യൌസേപ്പിൻ
പേരുകേൾപ്പതുപോലുമേ
ഏരിയും രോഷവഹ്നിയ്ക്കു
ചൊരിയും തൈലമായ് പരം. 40

എറുമ്പിൻ കൂട്ടിലുൾപ്പെട്ട
ചെറുകീടത്തിനൊപ്പമായ്
സോദരന്മാൎക്കിടയ്ക്കേററം
വലഞ്ഞാ സാധുബാലകൻ. 41

അജവൃന്ദത്തെ മേപ്പാനാ-
യവർ ദൂരത്തു പോകവേ
ചിലനാൾ നിജഗേഹത്തിൽ
സ്വൈരമായ് വാണിരുന്നവൻ. 42

ഏതു കാൎയ്യത്തിനായിട്ടും,
പ്രീതിഭാജനമായൊരാ
പുത്രനെപ്പിരിയാൻ തെല്ലും
സമ്മതിച്ചില്ല താതനും. 43

ഗുണവാനായ യൌസേപ്പി-
ന്നൊരു കൊച്ചുസഹോദരൻ
കണ്ണിലുണ്ണികണക്കുണ്ടാ-
യിരുന്നാൻ, കൊച്ചുബെഞ്ചമിൻ. 44

രണ്ടുമൂൎത്തിയിലും ജീവ-
നൊന്നു താനെന്നു കാണികൾ
സംശയിച്ചിട്ടുമാറേറം
സ്നേഹമാൎന്നു വസിച്ചവർ. 45

ഈവിധം കഴിയും കാല-
ത്തൊരിയ്ക്കൽ ജ്യേഷ്ഠസോദരർ
ആടുമേച്ചിടുവാനായി-
ട്ടകലെപ്പോയിരുന്നിതു്. 46

പതിവുള്ളതിലൊട്ടേറെ-
ത്താമസിച്ചതു മൂലമായ്
അകമേ ഭീതിപൂണ്ടിട്ടു
താതനീവിധമോതിനാൻ. 47

"ഓമനേ യവരെല്ലാരും
പോയനാൾ തൊട്ടിതേവരെ
ദിവസം പലതായല്ലോ
കാണ്മതില്ലെന്തു ബന്ധമോ! 48

വല്ലതും വിധിദോഷത്താ-
ലസുഖം സംഭവിച്ചിതോ!
വിവരം ഗ്രഹിയാതേററം
കലങ്ങീടുന്നു മാനസം. 49

ചെന്നുകാര്യമറിഞ്ഞീടാൻ
സ്വന്തമായിട്ടൊരാളിനേ
ആരെയാണൊന്നയയ്ക്കേണ്ട-
തോർത്തുനോക്കുക വത്സലാ!'' 50

പിതൃഭക്തിനിറഞ്ഞുള്ള
സുകൃതാംബുധിവത്സലൻ
സത്വരം മറുവാക്കേവ-
മോതിനാൻ വിനയത്തോടേ. 51

“താതനക്കാര്യമോർത്തിട്ടു
വിഷമിയ്ക്കേണ്ടതെല്ലുമേ
അനുവാദം ലഭിച്ചെന്നാ-
ലുടനേ ഞാൻ പുറപ്പെടാം. 52

വീടുവിട്ടുവെളിയ്ക്കെങ്ങു-
മിറങ്ങാത്തുള്ള കുട്ടിനീ
തനിയേ നിന്നെ വിട്ടീടാൻ
ധൈര്യമില്ലിങ്ങു ലേശവും.” 53

"പതിന്നാറുവയസ്സിങ്ങു
തികയാറായിരിക്കയാൽ
പുരുഷപ്രായമായല്ലോ
ഭീതിവേണ്ടവിടേയ്ക്കിതിൽ." 54

"എങ്കിലോ പോയിവന്നാലും!
മംഗളം കൈവരാനിതാ
തന്നിടുന്നെൻെറ യാശിസ്സു
താമസിയ്ക്കേണ്ട തെല്ലുമേ." 55

"എൻെറവേർപാടുകൊണ്ടേതും
ഖേദമില്ലാതെതാതനും
കൊച്ചുബഞ്ചമിനോടൊത്തു
വസിച്ചീടുക മോദമായ്." 56

ഈവിധംകാര്യമന്യോന്യം
സംക്ഷേപിച്ചു പറഞ്ഞുടൻ
അനുവാദവുമാശിസ്സും
വങ്ങി യാത്രതിരിച്ചവൻ. 57

വഴിനിശ്ചയമില്ലാതെ
തന്നിയേ പോകയാൽ പരം
വിഷമിച്ചും വിഷാദിച്ചു-
മേറെ ദൂരം നടന്നവൻ. 58

ദാഹവും പശിയും യാത്രാ-
ക്ഷീണവുംകൊണ്ടുഴന്നവൻ
കുഴങ്ങുംനേരമാശ്വാസ-
മേകിടുംകാഴ്ച ലബ്ധമായ്. 59

ദൂരവേയജവൃന്ദങ്ങൾ
മേഞ്ഞിടും പുൽപ്രദേശവും
സോദരന്മാർ വസിക്കുന്ന
കുടിലും കണ്ടു ബാലകൻ. 60

അതിമോഹനമാം വണ്ണ-
പ്പകിട്ടേറിയ കഞ്ചുകം
മൂലമായവനേയും ക-
ണ്ടറിഞ്ഞാരവരേവരും. 61

ഇരകണ്ടൊരു ചെന്നായ്ക്ക-
ളെന്നപോലവരക്ഷണം
അവനെസ്സംഹരിപ്പാനായ്
പകയോടൊത്തു കൂടിനാർ. 62

"കുടിലാശയനാംസ്വപ്ന-
ക്കാരനിങ്ങുവരുന്നിതാ
അവനെക്കൊലചെയ്യാതെ-
യടങ്ങീടരുതിന്നുനാം. 63

എഴുന്നേല്ക്കുവിനെല്ലാരു-
മുടനേ പിടികൂട്ടുവിൻ!
ജീവഹാനിവരുത്തീട്ടാ-
ക്കുഴിയിൽ തള്ളിടാം ജഡം. 64

കടുവാ കൊന്നുതിന്നെന്നായ്
താതനോടുരചെയ്തിടാം
സത്യമാരുമറിഞ്ഞീടാ
നാമൊഴിച്ചെന്നു നിശ്ചയം.'' 65

അവരിവിധമോതിക്കൊ-
ണ്ടൊത്തുകൂടിയ വേളയിൽ
മൂത്തസോദരനാം റൂബേൽ
സമ്മതിക്കാതെ ചൊല്ലിനാൻ. 66

"എന്തിനായ് കൊലചെയ്യുന്നു?
പാപമേല്ക്കുവതെന്തിനായ്?
ജീവനോടു പിടിച്ചിട്ടാ
വൻകുഴിക്കുള്ളിലിട്ടിടാം." 67

കടുവാക്കൂട്ടിലുൾപ്പെട്ട
മാൻകിടാവെന്നമട്ടുതാൻ
ഖലരാമഗ്രജാതന്മാ-
ർക്കിടയിൽപ്പെട്ടു ബാലകൻ. 6

മൂന്നുസോദരർ ശക്തന്മാ-
രൊത്തുചേൎന്നണയുംവിധൌ
ഏകനായവനെന്തോന്നു
ചെയ്തിടും? ദൈവമാശ്രയം! 69

നിർദ്ദയം പിടികൂടീട്ടു
മർദ്ദനക്രിയചെയ്യുവാൻ
ഒരുങ്ങിത്തന്നെ കുപ്പായ-
മുരിഞ്ഞാദുഷ്ടമാനസർ. 70

എങ്കിലും ജ്യേഷ്ഠനാം രൂബേൽ
സമ്മതിയ്ക്കായ്കമൂലമായ്
ജീവനോടവനെപ്പൊട്ട-
ക്കിണററിൽ തള്ളിയിട്ടുടൻ. 71

"സ്വപ്നമെല്ലാം ഫലിച്ചില്ലോ൦
രാജസത്തമനായി നീ
വാഴ്ക"യെന്നു പറഞ്ഞേററം
ഹസിച്ചാർത്തുവിളിച്ചവർ. 72

വലുതാം ശത്രുസൈന്യത്തെ-
സ്സംഹരിച്ചോരു സേനപോൽ
കൃതകൃത്യതഭാവിച്ചാ-
രവരീദുഷ്പ്രവൃത്തിയിൽ. 73

സുജനാഗ്രണിയാം റൂബേ-
ലവരേവിട്ടകന്നുടൻ
ബാലനേ മുക്തനാക്കീടാൻ
മാൎഗ്ഗമെന്തെന്നചിന്തയായ്. 74

മററു സോദരരെല്ലാരും
ഭക്ഷണത്തിന്നിരിയ്ക്കവേ
ഒരു വൎത്തകസംഘം വ-
ന്നതിലേ വഴിപോക്കരായ്. 75

പാഴ്ക്കിണററിനകത്താരോ
ദൈവസങ്കീൎത്തനങ്ങളേ
പാടിടുന്നതു കേട്ടേററ-
മത്ഭുതപ്പെട്ടുനിന്നവർ. 76

അവരെക്കണ്ടനേരത്തു
യൂദായെന്ന സഹോദരൻ
ചൊന്നു മററവരോടായി-
ട്ടൊരുകൌശലമീവിധം. 77

"എന്തിന്നീബാലനെക്കൊന്നു
പിഴച്ചീടുന്നു നാം വൃഥാ?
അവനേ യറബിക്കാരാം
വൎത്തകൎക്കിഹ വിററിടാം. 78

ബാധതീരും നമുക്കപ്പോൾ
പാപവും കുറവുണ്ടതിൽ
ഏതു ദേശത്തിലും പോയി-
പ്പിഴച്ചീടട്ടെ ബാലനും.'' 79

നല്ലകാര്യമിതെന്നപ്പോ-
ളോതി മററവരേവരും
അഗ്രജൻ വന്നുചേർന്നീടും
മുൻപു കാര്യംനടത്തിനാർ. 80

സംഘനേതാവിനെക്കണ്ടു
കാര്യമോതീട്ടു തൽക്ഷണം
തുച്ഛമാം വിലയുംവാങ്ങി
വിററു ബാലകനേയവർ. 81

ജീവഹാനിവരുത്താതെ
ശുദ്ധമായിട്ടു ബാലനേ
വീട്ടിലെത്തിച്ചുകൊള്ളാമെ-
ന്നോർത്തു രൂബേൽ മഹാശയൻ. 82

സംഭവിച്ചവിശേഷങ്ങ-
ളൊന്നുമേയറിയാതവൻ
ആരുമില്ലാത്ത നേരത്താ-
കിണററിൻകരെയെത്തിനാൻ. 83

ബാലനേയവിടെക്കാണാ-
ഞ്ഞേററവും ഖിന്നനായുടൻ
അനുജന്മാർ വസിക്കുന്ന
ദിക്കിലെത്തിത്തിരക്കിനാൻ. 84

സത്യമെല്ലാ മറിഞ്ഞപ്പോ-
ളാർത്തനായാർദ്രചിത്തനായ്
വസ്ത്രവും കീറി ദൂരത്തു-
പോയിരുന്നു കരഞ്ഞവൻ. 85

മററു സോദരരെല്ലാരു-
മൊത്തുശീഘ്രമൊരാടിനേ
കൊലചെയ്തനുജൻ തൻെറ
കഞ്ചുകം മുക്കി[illegible]യതിൽ. 86

വീട്ടിലെത്തീട്ടു താതൻെറ
കാല്ക്കലായതുവച്ചുടൻ
സംശയം കൈവെടിഞ്ഞേവം
വ്യാജവാക്കുകളോതിനാർ. 87

"രക്തപങ്കിലമായോരീ-
കഞ്ചുകം കാട്ടിൽ നിന്നിദം
കണ്ടുകിട്ടുകയാലിങ്ങു
കൊണ്ടുവന്നിതു ഞങ്ങളും. 88

ജീവസർവ്വസ്വമായോരാ-
തനയന്നു ഭവാൻ മുദാ
സമ്മാനിച്ചൊരു കുപ്പായം
കണ്ടാലാരറിയാത്തതു്? 89

ബാലനെന്തിനു കാട്ടിൽ പോയ്?
വിപത്തെങ്ങിനെ വന്നിതോ?
ഏതുമൊന്നും തിരിഞ്ഞീടാ-
തിവിടെയ്യൊത്തി ഞങ്ങളും.” 90

വൃദ്ധനാം താതനീവാർത്ത
കേട്ടു ചിത്തം തകർന്നുപോയ്
വസ്ത്രവുംകീറി ദേഹത്തു
ചാക്കുശീല ധരിച്ചുടൻ. 91

ജീവിതാശ വെടിഞ്ഞിട്ടു്
കണ്ണുനീർവാർത്തുകൊണ്ടുതാൻ
ഭാവികാലം കഴിച്ചീടാൻ
നിശ്ചയിച്ചു വയോധികൻ. 92

അഥവാ പരലോകത്തിൽ
മകനോടൊത്തുചേരുവാൻ
താമസം നേരിടായ്വാനാ-
യീശപാദം നമിച്ചവൻ. 93

പകലും നിശയും ധ്യാനം
ജപമെന്നിവയെന്നിയേ
ഇഹലോകവിചാരങ്ങൾ
വൃഥനില്ലാതെയായിതു. 94

ഒരു പുഞ്ചിരിയാവൃദ്ധൻ
തൂകിടുന്നതു കാണുവാൻ
ഒരു മാനുഷനും ഭാഗ്യം
വന്നതില്ലൊരുനേരവും. 95

"മകനേ! മകനേ! കണ്ണി-
ന്മണിയേ! നിത്യമായിനീ
എന്നെ വിട്ടു പിരിഞ്ഞെന്നോ!
തുണമററാരെനിക്കിനി?" 96

അനുകമ്പയകക്കാമ്പി-
ലാൎക്കുമുണ്ടായിട്ടും വിധം
ഉരുവിട്ടിട്ടുമീവാക്യം
ദീൎഘമായ് നിശ്വസിച്ചിട്ടും. 97

കൊച്ചുബെഞ്ചമിനെക്കണ്ടാ-
ലോമനിച്ചിട്ടുമെങ്കിലും
ചുടുബാഷ്പമുടൻതന്നേ
നിറയും കണ്ണുരണ്ടിലും. 98

അല്പമാം വാസമേകീടാ-
നെത്രമേൽ പണിചെയ്കിലും
ഫലമില്ലാതെയെപ്പോഴും
വിലപിച്ചിടുമീവിധം. 99

ദൈവമേകിയരത്നത്തെ-
കൈവെടിഞ്ഞതുമൂലമായ്
നിത്യവും താൻ കരഞ്ഞിടാൻ
ന്യായമുണ്ടെന്നുറച്ചവൻ. 100

സന്താനസമ്പത്തിനു ഭാഗധേയം
ധാരാളമായീശ്വരനേകിയാലും
വിനാശമാമക്കളിലൊന്നിനാന്നാൽ
മാതാപിതാക്കൾക്കതു സഹ്യമാമോ? 101

അമാനുഷപ്രാഭവമാർന്നപാരം
ഗുണാഢ്യനായുള്ളൊരു പുത്രനേവം
വേർപെട്ടതോർത്താൽ തകരാത്ത ചിത്തം
പിതാക്കളിൽ കാണുകയില്ലനൂനം. 102

# രണ്ടാം സർഗ്ഗം.

സഹജാതരെ വിട്ടു വർത്തക-
ക്കടിമപ്പെട്ടൊരു സാധുബാലകൻ
വിധിതൻമതമാണിതെന്നുറ-
ച്ചവരോടൊത്തു ഗമിച്ചു സത്വരം. 1

പരിപാവന ചിന്തയെന്നിയേ
പ്രതികാരേച്ഛയൊരല്പമെങ്കിലും
അവനിൽ കുടികൊണ്ടതില്ല, സ-
ജ്ജനഹൃത്തിൻസ്ഥിതിയീവിധത്തിലാം. 2

ജനയിത്രിയുമില്ല കേണിടാ-
നനുജൻ ബന്ധുമിനും പിതാവിനും
ഉളവായിട്ടുമല്ലൽമാത്രമോ-
ത്തവനല്പം വ്യഥയാർന്നു മാനസേ. 3

ധനകാംക്ഷികളെങ്കിലും വണിക്ക്-
പ്രവരന്മാർ പരമാർദ്രചിത്തരായ്
ഇടപെട്ടതുകൊണ്ടു തുഷ്ടനായ്
ദിനരാത്രങ്ങൾ കഴിച്ചു ബാലകൻ. 4

ചിലനാളൊരുമിച്ചുയാത്രചെ-
യ്തവർമെസ്രേനിലണഞ്ഞനന്തരം
സചിവപ്രവരൻെറ മുമ്പിലാ-
ഗ്ഗുണവാൻ ബാലനെ യാനയിച്ചുടൻ. 5

വിനയം കലരുന്ന ഭാവവും
നിലയും, ദൃഷ്ടികളിൽ സ്ഫുരിച്ചിടും
സഹജപ്രതിഭാവിലാസവും
മതിമാൻ കണ്ടു തെളിഞ്ഞു മാനസം. 6

മടിവിട്ടൊരു നല്ല സംഖ്യയ-
ങ്ങുടനേതന്നെ കൊടുത്തുബാലനേ
പരിചാരകനായി വാങ്ങിനാൻ
ധനവാൻ മന്ത്രി വിശാലമാനസൻ. 7

അവിചാരിതമായലാഭമീ-
വിധമുണ്ടായതിനാൽ വണിക്കുകൾ
ഹൃദയത്തെളിവോടു ചൊല്ലിനാർ
"വരുമിക്കൊച്ചിനു നന്മ"യെന്നിദം. 8

അവരങ്ങു തിരിച്ചുപോയ് ജവം;
യജമാനന്നരികത്തു വേണ്ടപോൾ
പരിചര്യകൾ ചെയ്തിടേണ്ടതി-
ന്നുടനേൽപ്പെട്ടു കഴിഞ്ഞു ബാലനും. 9

ചൊടിയും പ്രസരിപ്പുമേതിലും
മടിയില്ലായ്മ വിധേയഭാവവും
യജമാനനിലുള്ള ഭക്തിയും
സചിവൻകണ്ടവനിൽ പ്രസന്നനായ്. 10

അറിയാതെ വളൎന്നു നാൾക്കുനാ-
ളവനിൽച്ചേൎന്നൊരു വത്സലത്വവും
സചിവന്റെ ഗൃഹത്തിനുള്ളില-
ന്നവനുള്ളോരധികാരസീമയും. 11

ശരിയായ് പിതൃപുത്രബന്ധമെ-
ന്നരുളാൻതക്കവിധത്തിലെത്രയും
ബലമേറിയതായിരുന്നവ-
ൎക്കിടയിൽ ചേൎന്നൊരു ബന്ധമോൎക്കുകിൽ. 12

തരുണന്റെ മഹൽഗുണങ്ങൾ ക-
ണ്ടവനെത്തൻഗൃഹകാൎയ്യമൊക്കെയും
മടിവിട്ടു മഹാശയൻ മുദാ
ഭരമേല്പിച്ചു വിളംബമെന്നിയേ. 13

അവനേതുമഹങ്കരിച്ചിടാ-
തതിവിശ്വസ്തതയോടതൊക്കെയും
ശരിയായി നടത്തി നിത്യവും
യജമാനന്റെ ഹിതത്തിനൊത്തപോൽ. 14

അഹിതം സചിവന്നൊരിക്കലും
യുവകാൎയ്യസ്ഥനിലല്പമെങ്കിലും
ഉളവായതുമില്ല പിന്നെ യെ-
ന്തവിടെത്തെല്ലസുഖം ഭവിക്കുവാൻ! 15

അതുമല്ല ഗുണാഢ്യനാമവൻ
ഗൃഹകാൎയ്യങ്ങളശേഷമീവിധം
ഭരമേററൊരുനാൾ തുടങ്ങിയാ-
ഭവനത്തിന്നുളവായി മംഗളം. 16

കൃഷിയിൽപിഴയില്ലൊരിയ്ക്കലും,
വിളവൊട്ടെൺപതു നൂറുമേനിയാം,
പണവും കുറവില്ല പെട്ടിയിൽ,
പിണയാറില്ലസുഖങ്ങളൊന്നുമേ. 17

ജനകന്റെ വിയോഗഹേതുവാൽ
പരമസ്വാസ്ഥ്യമകന്നിരിക്കിലും
ഭവുകം പരിപൂൎണ്ണമാണവ-
ന്നിവിടെ,ത്തെല്ലുവിശങ്കയില്ലതിൽ. 18

ചിലകാലമിതേവിധം കഴി-
ഞ്ഞൊരു വൈഷമ്യമിടയ്ക്കുചേൎന്നിതാ
കളിയല്ലുലകത്തിലെങ്ങുമി-
ല്ലസുഖസ്പൎശമെഴാത്ത ഭാവുകം. 19

"ഗൃഹനായിക മാതൃതുല്യയായ്
കരുതിപ്പോന്നൊരു ഭർത്തൃവഞ്ചകി
അവനിൽ പ്രണയാർത്തയായ് ക്ഷമ-
ത്തെണ്ണവും ധർമ്മവിചാരമെന്നിയേ. 20

സുകുമാരനവൻെറ പുഞ്ചിരി-
പ്രഭയും സുന്ദരമെയ്‌വിലാസവും
മധുരം കലരും വചസ്സുമാ-
കുലടയ്ക്കാശവളർത്തി മേൽക്കുമേൽ. 21

അവനെ സ്വവശത്തിലാക്കുവാൻ
പണിയൊട്ടല്ലവൾ ചെയ്തതെങ്കിലും
അകതാരിലധർമ്മഭീതിയോ-
ടവളെ വിട്ടകലെച്ചരിച്ചവൻ. 22

ഒരുനാൾ വളരും ദുരാശത-
ന്നകമേയെണ്ടമടങ്ങിടായ്കയാൽ
പിടികൂടി യുവാവിനേയവൾ
തനിയേ വീട്ടിനകത്തു കാണവേ. 23

സഹജപ്രകൃതം വെടിഞ്ഞുകൊ-
ണ്ടവളെച്ചുട്ടഥ ഭസ്മമാക്കുവാൻ
മതിയാകുമൊരൊററനോട്ടമാ-
തരുണൻ നോക്കി; കുലുങ്ങിയില്ലവൾ. 24

പിടികൂടിയൊരുത്തരീയവും
വിടുകില്ലായവളെന്നു കാണ്കയാൽ
അതു വിട്ടുകളഞ്ഞു പാഞ്ഞവൻ
പുലിയെക്കണ്ടൊരു പാന്ഥനെന്നപോൽ. 25

ഇതുമട്ടവളന്നു ചെയ്തൊരാ-
കടശിക്കൈ ഫലിയാതെപോകവേ
അകമേ പ്രതികാരബുദ്ധിയാ-
ണുദയംചെയ്തതതീവശക്തിയായ്. 26

ഒരു രാക്ഷസിയോടു തുല്യയാ-
യവൾ ജൃംഭിച്ചലറിത്തുടങ്ങവേ
ഭവനം മുഴുവൻ കുലുങ്ങിന-
ല്ലൊരുഭൂകമ്പമതെന്നമട്ടുതാൻ. 27

പതിയൊട്ടധികം പരിഭ്രമി-
ച്ചരികത്തെത്തിയ നേരമായവൾ
നിജ പല്ലുകൾ ശക്തിയായ് കടി-
ച്ചരിശത്തോടിതുമട്ടു ചൊല്ലിനാൾ. 28

"ഇവളെ വഷളാക്കിടേണ്ടതി-
ന്നൊരുതാന്തോന്നിയുവാവിനേയിതാ
വലുതായവിലയ്ക്കു വാങ്ങിയി-
ട്ടനിശംപോററിവരുന്നു കഷ്ടമേ! 29

തലയുള്ളവർ പേപിടിച്ചതാം
ശുനകൻതന്നെ വിലയ്ക്കുവാങ്ങുമോ?
വിഷസൎപ്പമതിന്നു പാൽകൊടു-
ത്തനിശം തന്നരികത്തു പോററുമോ? 30

അവനെപ്പിരിയാൻ പ്രയാസമോ?
അഥവാ ഞാനിവിടം വിടട്ടെയോ?
ഇനിയില്ലൊരുമിച്ചു വാസമി-
ന്നുടനേ തീൎച്ചയുരയ്ക്കണം ഭവാൻ." 31

"സുജനാഗ്രണിയെന്നു ഞാൻ നിന-
ച്ചൊരുയൌസേപ്പവനിത്ര നീചനോ?
കള്'യോ ബത! കാൎയ്യമോയിതെ"-
ന്നകമേയോൎത്തൊരുമാത്ര നിന്നവൻ. 32

പതിതന്നുടെ ശങ്ക തീൎക്കുവാൻ
പ്രതികൈവിട്ടു കളഞ്ഞവസ്ത്രവും
ഉടനേയവൾ ഹാജരാക്കിനാ-
ളതുകണ്ടക്ഷമനായി മന്ത്രിയും. 33

അകതാരിലെരിഞ്ഞ കോപമോ-
ടൊരുവിസ്താരവുമെന്നിയേ ജവം
വിധിചെയ്തവനെപ്പിടിച്ചു ന-
ല്ലൊരുപാറാവിലടച്ചുപൂട്ടുവാൻ. 34

കലുഷം കലരാത്ത നീതിമാൻ
തടവിൽ പാൎക്കുകയെന്നു വന്നിതോ?
കുലടയ്ക്കിതു വേണ്ടതല്ലയോ?
പരമാൎത്ഥത്തിനു സാക്ഷിയാരുവാൻ? 35

അഥവാ ജഗദീശചിത്തമാ-
ണിതു നന്മയ്ക്കുവിട്ടന്നു ചെയ്യതാം
ഇതുപോലിഹ നീതിയേക്കുറി-
ച്ചുഴലും മാനുഷർ ഭാഗ്യശാലികൾ. 36

അപരാധികളോടു ചേൎന്നവൻ
തടവിൽ പാൎത്തുതുടങ്ങിയെങ്കിലും
വലുതാം ദുരിതങ്ങളാസ്ഥല-
ത്തവനില്ലാതെ കഴിഞ്ഞു നാളുകൾ. 37

ഗുണവാനവനെന്നു കാണ്കയാ-
ലധികാരിയ്ക്കവനോടനല്പമാം
പ്രതിപത്തി ജനിച്ചു, തന്റെ കീ-
ഴ്പുറം തെല്ലധികാരമേകിനാൻ. 38

പല മാതിരി ദുഷ്കൃതങ്ങൾ ചെ-
യ്തവിടെപ്പാൎത്തുവരും ജനങ്ങളും
"ഒരു നല്ലമനുഷ്യ"നെന്നു താ-
നിവനേയെണ്ണിയിരുന്നു സന്തതം. 39

സുകൃതാംബുധിയാമനുഷ്യനോ-
ടൊരുമിച്ചങ്ങു വസിയ്ക്കുമൂലമായ്
ജയിൽവാസികളിൽ പലേതരം
ഗുണമുണ്ടായി വളൎന്നു നാൾക്കുനാൾ. 40

നരകത്തിനു തുല്യമാസ്ഥല-
ത്തൊരുമോക്ഷം ചെറുതായ് ചമയ്ക്കുവാൻ
സുകൃതിക്കു കഴിഞ്ഞു, സജ്ജനം
പദതാർ വയ്ക്കുമിടം വിശുദ്ധമാം. 41

ഇതുപോൽ സുഖമായ് കഴിഞ്ഞിട്ട-
ന്നൊരു കാലത്തവിടേയ്ക്കു രണ്ടുപേർ
അപരാധികൾ വന്നുചേൎന്നു ദു-
ർവ്വിധിയേ വെല്ലുവതിന്നശക്തരായ്. 42

അമൃതേത്തിനു വേണ്ട ഭോജ്യവും
വിലയേറുന്ന വിശിഷ്ടപേയവും
പരിചോടു തയാറുചെയ്തു വ-
ന്നവർ രണ്ടാളുകളൊട്ടുകാലമായ്. 43

ഇതിനാലുപജീവനം പരം
സുഖമായിട്ടു കഴിച്ചിരിക്കവേ
ചില തെറ്റുകൾ സംഭവിക്കയാൽ
നൃപകോപാഗ്നിയിൽ വീണിതേവിധം. 44

ഇരവും പകലും മനസ്സുഖം
ചെറുതില്ലാതെ വിചാരമഗ്നരായ്
ദിവസങ്ങൾ കഴിച്ചിരുന്നവർ
കണിയിൽപെട്ട മൃഗങ്ങളെന്നപോൽ." 45

ചിലനാളുകളീവിധം കഴി-
ഞ്ഞൊരു രാവിങ്കലുറങ്ങിടും വിധൌ
ഒരുപോൽ പരമൎത്ഥഗൌരവം
കലരുംമട്ടു കിനാവു കണ്ടവർ. 46

എതിരേയരികത്തു വന്നുചേ-
ന്നൊരു യൌസേപ്പിനെയക്കിനാവുകൾ
അറിയിച്ചിടുവാൻ തിടുക്കമാ-
ന്നൊരുവൻ കണ്ടതവൻ പറഞ്ഞിദം. 47

"ഇതു കേൾക്ക സഖേ! കഴിഞ്ഞൊരീ
നിശയിൽക്കണ്ട കിനാവു ചൊല്ലുവേൻ
അതിനൎത്ഥമറിഞ്ഞുകൊള്ളുവാ-
നതിയായുണ്ടകതാരിലാഗ്രഹം. 48

ഒരു മുന്തിരിവള്ളിയങ്കുരി-
ച്ചതിലുണ്ടായ് ലതമൂന്നു തൽക്ഷണം,
ഉടനങ്ങു വളൎന്നു കായ്ച്ചതിൽ
പഴമുണ്ടായി, പറിച്ചെടുത്തു ഞാൻ. 49

പറവോൻടെ പാനപാത്രമെ-
ന്നരികിൽക്കണ്ടതിലേക്കു സത്വരം
രസമങ്ങു പിഴിഞ്ഞൊഴിച്ചു ഞാൻ
തിരുമേനിക്കു കൊടുത്തു തൃപ്തനായ്." 50

ഇതു കേട്ടഥ ദിവ്യമാനുഷൻ
മറുവാക്കോതി "സമാശ്വസിയ്ക്കുനീ,
ശുഭമാണു നിനക്കു ഭാവിയെ-
ന്നരുളീടുന്നിതു സത്യമായി ഞാൻ. 51

ഇനി മൂന്നുദിനം കഴിഞ്ഞു നിൻ
ദുരിതം തീർത്തഥ രാജധാനിയിൽ
പണിപോയതുവീണ്ടു ലബ്ധമായ്
പറവോൻതൻ പ്രിയദാസനായ് വരും. 52

അതുകാലമെനിക്കു വല്ലതും
തുണചെയ്യാൻ കഴിയുന്നതാകിലോ
അതു ചെയ്യണമെന്നു സോദരാ!
വിരവോടർത്ഥന ചെയ്തിടുന്നു ഞാൻ." 53

ശരിയാണിവനിപ്പറഞ്ഞതെ-
ന്നൊരു വിശ്വാസമകത്തുദിയ്ക്കയാൽ
അപരൻ നിജ ഭാവിയെക്കുറി-
ച്ചതി ജിജ്ഞാസകലർന്നു ചൊല്ലിനാൻ. 54

"ദയവായിതു കേൾക്കണേ സഖേ!
തലയിൽ ചേലൊട്ട മൂന്നു കുട്ടകൾ
പുതുവെണ്മകലന്നൊരപ്പവും
നിറയെച്ചേർത്തു വഹിച്ചിരുന്നു ഞാൻ. 55

മുകളിൽ സ്ഥിതിചെയ്ത കുട്ടത-
ന്നകമേ തിങ്ങി നിറഞ്ഞിരുന്നൊരാ
പലഹാരമശേഷമാത്തിയോ-
ടശനംചെയ്തുകളഞ്ഞു പക്ഷികൾ." 56

"അശുഭം ഫലമാണിതിന്നു നാ-
ളിനിയും മൂന്നുകഴിഞ്ഞിട്ടും വിധൌ
തലപോയിട്ട മത്രയല്ല നി-
ന്നുടലും പക്ഷികുലം ഭുജിച്ചിടും." 57

ഇരുവർക്കുമടുത്ത ഭാവിയിൽ
വരുവാനുള്ള ശുഭാശുഭങ്ങളേ
ഇതുപോൽ പ്രവചിച്ചു കൊണ്ടവൻ
വിരമിച്ചാൻ കൃതകൃത്യനായ് പരം. 58

പിഴയററിവസംഭവിച്ചിടേ-
ണ്ടൊരുനാളാഗതമായ്ക്കഴിഞ്ഞിതാ,
പറവോനുടെ ജന്മനാളതാ-
ണതു രാജ്യത്തു മഹാ മഹോത്സവം 59

പുര വാസികളാമഹോത്സവം
ബഹുധാ മോടിയോടേ നടത്തുവാൻ
മടിയെന്നതു ലേശമെന്നിയേ
പണിചെയ്യുന്നിതു രാജഭക്തിയാൽ. 60

അവരേ വിരവോടു സല്ക്കരി-
പ്പതിനായ് വേണ്ടതു ലോഭമെന്നിയേ
അരുളുന്നിതു ഭൂമിപാലനും;
ബഹളം നിസ്തുലമേളമെങ്ങുമേ. 61

നിജദാസരിൽ നിന്നു ഭ്രഷ്ടരായ്
തടവിൽ പാൎത്തു കഴിച്ചിടുന്നൊരീ
അപരാധികളെയുമന്നുത-
ന്നരികത്തെയ്ക്കവനാനയിച്ചിതു. 62

കരുണാനിധിയന്നു മാപ്പവ-
ൎക്കരുളാനാണു നിനച്ചതെങ്കിലും
അതിനേകനനൎഹനെന്നു ക-
ണ്ടവനെത്തൂക്കിലിടാൻ വിധിച്ചുടൻ. 63

അപരന്നു ലഭിച്ച മുക്തിയും
പണിയും പാൎത്ഥിവസൽപ്രസാദവും,
പ്രവചിച്ച ഫലങ്ങളല്ലവും
പിഴയില്ലാതവർ കണ്ടിതേവിധം. 64

അതിമാനുഷനെന്നു ധന്യനേ-
യവരോർത്താരതുകൊണ്ടു കിംഫലം!
ഒരുവൻ മൃതനായ്ക്കഴിഞ്ഞു; മ-
ററവനോ ഹാ! ബഹുനന്ദിഹീനനായ്. 65

ഭവുകസ്ഥിതിവന്നു ചേരവേ
നിജ മിത്രത്തെ യവൻ മറന്നുപോയ്
കലുഷം കലരാത്ത നിൎമ്മലൻ
തടവിൽത്തന്നെ വസിച്ചു പിന്നെയും. 66

അവനീവിധമസ്വതന്ത്രനായ്
തുണയററുള്ളവനെന്നു കാൺകയാൽ
അഖിലാണ്ഡമടക്കി വാഴുവോൻ
കരുണക്കണ്ണുതിരിച്ചവൻെറ മേൽ. 67

സുഖമെന്നതറിഞ്ഞിടാതെയു-
ള്ളൊരു കാരാഗൃഹമായതിൽ പുമാൻ
കുറവററൊരു പൌരുഷത്തോടേ
ചിലകൊല്ലങ്ങൾ കഴിച്ചു ധീരനായ്. 68

അതുകാലമൊരിയ്ക്കൽ ഭൂമിപൻ
സുഖമായ് രാത്രിയിൽ നിദ്രചെയ്യവെ
അതിഭീകരമായനൎത്ഥസൂ-
ചകമായുള്ള കിനാവു കണ്ടിദം. 69

പരിശുദ്ധജലം വഹിച്ചുകൊ-
ണ്ടൊഴുകും വാഹിനിയൊന്നിനന്തികേ
സുമനോഹരപുൽപ്രദേശമാ-
നൃവരൻ കണ്ടു കടന്നുചെന്നതിൽ. 70

അതുലപ്രകൃതിപ്രഭാവവും
കുളിർകാററിൻെറയുദാരശീലവും
ഒരുവാക്കിലുരച്ചിടാം പരം
ഹൃദയാകർഷകമായിരുന്നവ. 71

നൃപനങ്ങിനെ നിന്നിമേഷനായ്
ചുഴലംനോക്കി രസിച്ചുനില്ക്കവേ
അവിടേയ്ക്കു തടിച്ച ഗോക്കളേ-
ഴൊരുമിച്ചങ്ങു കടന്നുവന്നുടൻ. 72

ഇടതൂർന്നുവളർന്ന പുല്ലില-
ങ്ങൊരുപോലായവ മേഞ്ഞുനില്ക്കവേ
ജവമേഴമെലിഞ്ഞഗോക്കൾ വ-
ന്നവയെത്തിന്നൊരു കൂസലെന്നിയേ. 73

ഇരചെന്നതറിഞ്ഞിടാത്തപോ-
ലുദരം ചുങ്ങിയിരുന്നുപിന്നെയും
പശിയേറ്റു മടങ്ങിടാത്തപോ-
ലശനംതേടി നടന്നിരുന്നവ. 74

തൊലിയസ്ഥിയിലൊട്ടി മാംസമ-
റ്റൊരുകോലങ്ങളതീവഭീകരം
പറഃവാനിത്തു കണ്ടു മാനസേ
പരമസ്വാസ്ഥതയോടുണർന്നുടൻ. 75

നയനങ്ങൾ തുറന്നശേഷവും
തെളിവായ് കാണ്മൊരു കാഴ്ചയെന്നപോൽ
കളിയാടിയിരുന്നു മുമ്പിലാ-
ഭയമേകുന്ന മഹാവിരൂപികൾ. 76

അസുഖംപരമാർന്നുശയ്യവി-
ട്ടെഴുന്നേല്ക്കാതെ വിചാരമഗ്നനായ്
നൃപനൊട്ടു കിടന്നു, കണ്ണട-
ഞ്ഞറിയാതൊന്നു മയങ്ങി പിന്നെയും. 77

സമയംവളരെക്കഴിഞ്ഞതി-
ല്ലൊരു ദുഃസ്വപ്നമതിൻതുടർച്ചയായ്
അവനീപതി കണ്ടുഞെട്ടിയ-
ങ്ങുടനേതന്നെയുണർന്നു ഖിന്നനായ്. 78

കതിരേഴൊരു തണ്ടിലുദ്ഭവി-
ച്ചൊരുപോലങ്ങു വളർന്നു; ലേശവും
പതിരെന്നി കൊഴുത്തുരുണ്ടതാം
മണിജാലത്തെ വഹിച്ചിരുന്നവ. 79

ജവമഞ്ഞുവിളഞ്ഞു, തങ്കവും
തലതാഴ്ത്തുന്ന നിറപ്പകിട്ടോടേ
അഴകാൎന്നു വളഞ്ഞുകാററടി-
ച്ചിളകിച്ചാഞ്ഞുകിടന്നിരുന്നവ. 80

പതിരാൽ നിറയുന്ന പൊട്ടയാം
കതിരേഴഞ്ഞുമുളച്ചുയൎന്നുടൻ
അവയേഴിനെയും വിഴുങ്ങിനാ-
രണുവും കുസലകന്നു കഷ്ടമേ! 81

അകമേയിരചെന്നഭാവമോ
പുറമേ കണ്ടതുമില്ല ലേശവും
മണികൾക്കൊരു പുഷ്ടിയെന്നിയേ
പതിരായ്ത്തന്നെ നിവിൎന്നിന്നവ. 82

ഒരു രാവിലൊരേതരത്തിലി-
ത്തരമായ് രണ്ടുകിനാവു കാങ്കയാൽ
എരിതീയകമേ കടന്നപോൽ
പറവോനുള്ളു തപിച്ചുനല്ലമായ്. 83

ഒരു മട്ടു കഴിച്ചുരാത്രി, യ-
ന്നെതിരേൽന്നെ വിളിച്ചു മന്ത്രിയേ
അറിയിച്ചു വിശേഷമൊക്കെയും;
പറയുന്നെന്തിതിലാ മഹാശയൻ! 84

“ഫലമോതിടുവാൻ സമൎത്ഥരെ-
ന്നറിയപ്പെട്ടവരൊക്കെയിക്ഷണം
മടിയെന്നിയെ രാജധാനിയിൽ
വരികെ” ന്നാജ്ഞകൊടുത്തു മന്ത്രിയും. 85

ഉടനേ പല മന്ത്രവാദികൾ
ഗണിതക്കാർ മുതലായനേകരും
വഴിപോലെയുടുത്തൊരുങ്ങിവ-
ന്നൊരുമിച്ചാരഥരാജധാനിയിൽ. 86

ഇവരേവരുമാസനസ്ഥരാം
സഭയിൽ പാദമണച്ചു ഭൂമിപൻ
അതിയായൊരു രാജഭക്തിയാൽ
വിരവോടഞ്ജലികൂപ്പിനിന്നവർ. 87

നിജപീഠമതിൽ പ്രഭാവമാ-
ൎന്നുപവേശിച്ചിതു ഭൂമിപാലനും
വിവരിച്ചു വശേഷമൊക്കെയും
ഘനഭാവത്തൊടിരുന്നനന്തരം. 88

ഉരിയാടിയതില്ലൊരുത്തനും
സഭനിശ്ശബ്ദതയാൎന്നു കേവലം
ഫലമോൎത്തറിയേണ്ടതിന്നു താ-
നവരേകാഗ്രതയോടിരിയ്ക്കയാം. 89

ചിലമാത്ര കഴിഞ്ഞനന്തരം
ചിലരോരോവിധമോതിയെങ്കിലും
അവതമ്മിലൊരല്പബന്ധവും
ബതകാണാതെ കുഴങ്ങി ഭൂമിപൻ. 90

ഉടനോടിയണഞ്ഞു തൃപ്പദം
പ്രണമിച്ചാനൊരു സാധുമാനുഷൻ
അമൃതത്തിനു പേയസാധനം
പതിവായ് നിത്യമൊരുക്കിടുന്നവൻ. 91

അവനോതി, "യുണത്തിടുന്നു ഞാൻ
തിരുമുമ്പിൽ ചിലവാൎത്തയൊക്കെയും
ഒരു ദിവ്യമനുഷ്യനേയെനി-
യ്ക്കറിയാം നല്ലൊരു ദീൎഘദൎശിയേ. 92

ഇവരന്നൊരുമിച്ചു രണ്ടുപേർ
തടവിൽ പാൎത്തുവരുന്നവേളയിൽ
ഇവർകണ്ട കിനാവുകൾക്കവർ
ശരിയായൎത്ഥമുരച്ചതോൎപ്പു ഞാൻ. 93

ഒരുപുള്ളി വിസൎഗ്ഗമെങ്കിലും
പിഴകൂടാതവ സംഭവിയ്ക്കയാൽ
ശരിയായ് പ്രവചിച്ചുകൊള്ളുവാൻ
വിരുതുണ്ടായവനെന്നു നിശ്ചയം. 94

അവനുള്ളൊരു നാമധേയമാ-
ന്നു യൌസേപ്പവനീദിനത്തിലും
സചിവപ്രവരന്റെയാജ്ഞയാൽ
തടവിൽ പാർത്തുവരുന്നു കഷ്ടമേ! 95

നൃപതിയ്ക്കിതുകേട്ടമാത്രയിൽ
പരമാഹ്ളാദമുദിച്ചു മാനസേ
അവനേയുടനാനയിക്കുവാൻ
സചിവന്നാജ്ഞകൊടുത്തു തൽക്ഷണം. 96

ദുരിതങ്ങളകന്നു, മുക്തനാ-
യഥ പാറാവിനകത്തു നിന്നവൻ
നൃപകിങ്കരരാൽ പരീതനാ-
യുടനേ ചെന്നിതു രാജധാനിയിൽ. 97

പറവോന്റെ പദം നമസ്കരി-
ച്ചവിടെത്തന്നെയൊതുങ്ങിനിന്നവൻ
അവിളംബമുരച്ചു ഭൂപനാ
നിശയിൽ കണ്ട വിശേഷമൊക്കെയും. 98

വിനയാനമിതനായുരച്ചവൻ,
ജഗദീശന്റെയനുഗ്രഹം വിനാ
ഇതിനൊന്നിനുമർത്ഥമോതുവാ-
നൊരുമർത്ത്യന്നു കഴിഞ്ഞിടാ ദൃഢം. 99

കരുണാന്നിധിയാകുമീശ്വരൻ
വരുവാനുള്ളൊരു സംഭവങ്ങളേ
അറിയിപ്പതിനിക്കിനാവുകൾ
തിരുമേനിക്കു വരുത്തിവച്ചതാം. 100

അതിരറ്റൊരു ഭാവുകംവരും
തവരാജ്യത്തിനടുത്ത ഭാവിയിൽ
അവിതൎക്കമൊരേഴുവത്സരം
നിലവിട്ടായത്തു കേളിയാടിടും. 101

തദനന്തരമേഴുകൊല്ലമീ
ഭൂകത്തെയഖിലം വിഴുങ്ങുവാൻ
മതിയായൊരു ദുഷ്ടഭൂതമെ-
ന്നതുപോൽ ക്ഷാമവുമിങ്ങണഞ്ഞിടും. 102

അതിനാലവിടുന്നു തൽക്ഷണം
മതിമാനായൊരു നല്ലമർത്ത്യനേ
ധനകാൎയ്യവിചാരമൊക്കെയും
ഭരമേല്പിക്കുവതേററമുത്തമം.” 103

ഇതുകേട്ടവരേകകണ്ഠമായ്
ശരിയെന്നോതി, വസുന്ധരേശനും
അതു സമ്മതമായ് മുതിന്നതി-
ല്ലെതിരോതാനൊരു മർത്ത്യനെങ്കിലും. 104

ളുടനേ നിജരാജചിഹ്നമായ്
വിലസീടുന്നൊരു മുദ്രമോതിരം
പറവോൻനൃപനൂരിനീട്ടിയി-
ട്ടരുളിച്ചെയ്തവനോടിതേവിധം. 105

“പ്രതിപൂരുഷനാണെനിക്കു നീ-
യിതുനാൾതൊ,ട്ടതിനുള്ള ചിഹ്നമായ്
ഇതുവാങ്ങി ധരിക്ക; നിന്നെ ഞാ-
നറിയുന്നേനൊരു ദിവ്യമർത്ത്യനായ്. 106

ശരിയായ് പ്രവചിച്ചുനീ, യിതിൽ-
ക്കവിയും വിജ്ഞതയേതുമർത്ത്യനും
വരികില്ലഖിലേശ്വരൻ നിന-
ക്കറിയിക്കുന്നവയാണിതൊക്കെയും. 107

അതിനാലിനിയെൻപ്രജാവലി-
യ്ക്കഖിലം രക്ഷകനെന്നു നിന്നെ ഞാൻ
കരുതുന്നു; സമസ്തകാര്യവും
ഭരമേല്പിച്ചുതരുന്നു പൂർണ്ണമായ്.” 108

ഏവമോതിനൃപനാ മഹാശയനു
മുദ്രയാർന്ന തിരുവാഴിയും
രാജകീയവസനങ്ങളും കനക-
രത്നഭൂഷണവുമാകവേ

ഏകി നല്ലൊരു രഥത്തിലേററിയധി-
നാഥനായി ജനസഞ്ചയം
സ്വീകരിച്ചു പരമാദരിപ്പതിനു
വേണ്ടകല്പനകൊടുത്തുടൻ. 109

അത്രയല്ല പരമാഭിജാത്യവു
മതുല്യസൽഗുണവിശേഷവും
ഗാത്രസൌഷ്ഠവവുമൊത്തിണങ്ങിയൊ-
രപൂർവ്വകന്യകയെ ഭാൎയ്യയായ്
ചേൎത്തുഭൂപതിയവന്റെ പാൎശ്വമതി-
ലീവിധം ഭവുകമൊക്കെയും
പൂൎത്തിയായി; ജഗദീശസൽക്കൃപ
ലഭിക്കിലെന്തുകുറവേവനും? 110

# മൂന്നാം സർഗ്ഗം.

സ്ഥാനലബ്ധിയിലഹന്തയെന്നിയേ
മാനമോടു നിജകൃത്യമൊക്കെയും
ഊനമററു നിറവേററിടാൻ മന-
ക്ഷീണമററവനിറങ്ങി സത്വരം. 1

ഒന്നുചുററിയധികാരസീമയിൽ
ചെന്നദേശമതിലാകെയാമഹാൻ
എങ്ങുമേ കുറവെഴാത്ത ഭാവുകം
തിങ്ങിടുന്നവിധമന്നുകണ്ടവൻ. 2

പഞ്ഞമില്ല, പടയില്ല, തെല്ലുമേ
രഞ്ജനയ്ക്കു കുറവില്ല മർത്ത്യരിൽ
വ്യാധികഷ്ടതയകാലമൃത്യുവെ-
ന്നാദിയായവയുമില്ലൊരേടവും. 3

ആറുമേനിയുമതിൽക്കവിഞ്ഞുമ-
ങ്ങേറിടുന്ന വിളവേതുദിക്കിലും
ഏവമല്ലലറിയാതെ ഭ്രതിയാ-
ന്നാവസിപ്പു ജനസഞ്ചയം സദാ. 4

വീടുതോറുമറതിങ്ങി മിച്ചമായ്-
ക്കൂടിടുന്ന ധനധാന്യസഞ്ചയം
ഏതുമട്ടു ചെലവാക്കിടേണ്ടതെ-
ന്നാജ്ജനാവലി നിനച്ചിടുന്നിതു. 5

ദാനമായതുകൊടുക്കിൽ വാങ്ങുവാൻ
യാചകപ്പരിഷയില്ലൊരേടവും
ന്യൂനമായതു വിലയ്ക്കുവാങ്ങുവാ-
നാളുമില്ല, പുനരെന്തുചെയ്തിടും! 6

ക്ഷാമദേവതയതീവഭീകരി-
യ്ക്കീമഹീതലമടുത്തഭാവിയിൽ
ആടലറ്റൊരു വിഹാരരംഗമായ്
തീരുമെന്നകഥയാരറിഞ്ഞിതു! 7

സത്യമാകെ നിജദിവ്യദൃഷ്ടിയാൽ
പാർത്തിരിക്കുമൊരു പുണ്യപൂരുഷൻ
ബുദ്ധിപൂർവ്വമതിനെത്തടുക്കുവാ-
നോർത്തുവേണ്ടപണിചെയ്തു സത്വരം. 8

നാട്ടിലുള്ള വിളവഞ്ചിലൊന്നുതൻ
പാട്ടിലാക്കിയതി ഭദ്രമാംവിധം
പൂട്ടിവച്ചറകൾതോറുമെങ്ങുമേ
കെട്ടിവച്ചനിധിയെന്നമട്ടുതാൻ. 9

ഏഴ്‌വത്സരമതിന്നിടയ്ക്കീടം
പൂഴിപോലെയളവേറ്റമെന്നിയേ
ധാന്യസഞ്ചയമവന്നധീനമായ്-
ത്തീൎന്നു നാട്ടിനഖിലം ഗുണത്തിനായ്. 10

ക്ഷേമകാലമതിനന്തമായുടൻ
ക്ഷാമദേവത വിളംബമെന്നിയേ
ഭൂമിയിൽ പദമണച്ചു, നാട്ടുകാ-
ൎക്കാമയങ്ങളുളവായ് പലേതരം. 11

വൃഷ്ടിയില്ല, കൃഷിയാകെ മോശമാ-
യഷ്ടിയും വിഷമമെന്നമട്ടിലായ്,
കഷ്ടകാലമവരെക്കടുക്കിടും
മട്ടുകണ്ടുപരമമ്പരന്നവർ. 12

"സാരമില്ലിനിയടുത്തകൊല്ലമി-
ക്കാൎയ്യമൊക്കെയൊരുമട്ടു ഭംഗിയായ്
തീരു"മെന്നു കരുതിസ്സമാശ്വസി-
ച്ചാജ്ജനങ്ങളകതാരിലല്പമായ്. 13

എങ്കിലും വിധിയടുത്തകൊല്ലവും
സങ്കടം പരമണയ്ക്കുമൂലമായ്
എന്തുവേണ്ടതിനിയെന്നുമാനസേ
ചിന്തപൂണ്ടു ജനമാകെയൊന്നുപോൽ. 14

മിച്ചമായ് ധനികർ വച്ചിരുന്നതും
വിത്തിനായറയിലിട്ടിരുന്നതും
ഒക്കെയെങ്ങു ചെലവായി, പട്ടിണി-
ച്ചീട്ടുതന്നെ ഗതിയെന്നു കേണവർ. 15

ക്ഷാമദേവതതുറന്ന വായിൽ വീ-
ണീവിധം ജനതയാർത്തരാകവേ
ആധിപോക്കിയവരെത്തുണയ്ക്കുവാൻ
നീതിമാൻ വഴിതുറന്നു സത്വരം. 16

പൂട്ടിവച്ചോരറയൊക്കയും തുറ-
ന്നിട്ടു നല്ലമിതമാം നിരക്കിലായ്
ധാന്യവില്പന തുടങ്ങി വേണ്ടപോൽ
മന്നവന്റെ പ്രതിപൂരുഷൻ മഹാൻ. 17

ന്യായമായൊരു വിലയ്ക്കു വില്ക്കയാ-
ലാമഹാന്റെ യനുകമ്പയിൽ പരം
മായമറ്റൊരു മതിപ്പു തോന്നിയാ-
നാട്ടിലുള്ള ജനതയ്ക്കശേഷവും. 18

നാണയങ്ങൾ, വിലയേറിടുന്നതാം
ഭൂഷണങ്ങൾ പലജംഗമങ്ങളും
മേന്മയേറിയ നിലംഗൃഹങ്ങളെ-
ന്നൊക്കെധാന്യ വിലയായ്ക്കൊടുത്തവർ. 19

പാപ്പരായി ജനമാകെ,യെങ്കിലും
ചില്ലുമാൻെറ വിധി മാററിവയ്ക്കുവാൻ
സാദ്ധ്യമോ നരനു? കൂസലെന്നിയെ
ക്ഷാമദേവത കളിച്ചുപിന്നെയും. 20

അപ്പിശാചിയവിടെത്തിൽമാത്രമ-
ല്ലപ്പുറത്തു വിലസും കനാനിലും
കൂത്തടിച്ചു തരിശാക്കി ഭൂമിയേ,
ക്ഷുത്തിനാലവശരായ് ജനാവലി. 21

വൃദ്ധനായ്, വലിയ ദൈവഭക്തനായ്
പുത്രദുഃഖമതിലാർദ്ര ചിത്തനായ്
മേവിടും സുജനഹീരമായ യാ-
ക്കോബിനേയുമവളിട്ടലട്ടിനാൾ. 22

അദ്ധ്പട്ടിണിയിലൊട്ടുനാൾകഴി-
ഞ്ഞാസ്ഥിതിക്കമിടിവെന്നുകാണവേ
വൃദ്ധനും ബഹു വിഷാദമാർന്നുതൻ
പുത്രപൌത്രരെ നിനയ്ക്കുമൂലമായ്. 23

എന്തുവേണ്ടതു, വിലയ്ക്കുവാങ്ങുവാ-
നെങ്ങുകിട്ടുമിനി ധാന്യമെന്നിദം
ചിന്തപൂണ്ടുകഴിയും ദിനങ്ങളിൽ
കേട്ടറിഞ്ഞു മെസറേനിലേ സ്ഥിതി. 24

മക്കളോടരുളി, "പൊന്നുമക്കളേ
ദൈവനിശ്ചയമി,തെന്തുചെയ്തിടാം!
ഭക്ഷണത്തിനു നമുക്കു ധാന്യമി-
ല്ലായതിന്നു വഴിനോക്കിടേണ്ടയോ? 25

വില്പനയ്ക്കുമിവിടത്തിലെങ്ങുമി-
ല്ലാകയാൽ ചെറുതുദൂരെയാകിലും
ദൈവസൽകൃപയിലാശ്രയിച്ചുടൻ
പോക നിങ്ങൾ മെസറേനിലേയ്ക്കു താൻ. 26

ന്യായമായൊരു വിലയ്ക്കുധാന്യമാ-
നാട്ടിൽ വില്പന നടപ്പതുണ്ടുപോൽ
നാണയങ്ങളുമെടുത്തു സത്വരം
പോകനിങ്ങളിനി വേണ്ടതാമസം. 27

കൊച്ചുബെഞ്ചമിനൊഴിച്ചുമററവർ
പത്തുപേരുമൊരുമിച്ചു തൽക്ഷണം
താതപാദയുഗളം നമിച്ചുകൊ-
ണ്ടാജ്ഞപോലവിടെനിന്നു യാത്രയായ്. 28

ധാന്യവില്പനനടക്കു മാസ്ഥല-
ത്തെത്തി, നാട്ടിനധികാരിയായൊരാ
മാന്യനായ മനുജന്റെ പാദതാർ
താണുവീണവർ വണങ്ങിയോതിനാർ. 29

7140
Dharmaram College Library
Bangalore-29



“പാലയാ, വരഗുണാലയാ വിഭോ!
മാലകററുക നിരാശ്രയക്കു നീ
കാലദോഷമിവിടേശ്ശ ഞങ്ങളേ-
യാനയിച്ചു തവ തൃപ്പദങ്ങളിൽ. 30

പണ്ടുതൊട്ടു ഫലപുഷ്ടിയുള്ളതായ്
കേളികേട്ട വിലസും കനാനിലും
ക്ഷാമബാധയതിശക്തിയാകയാ-
ലങ്ങുനിന്നിവിടെ വന്നു ഞങ്ങളും. 31

വൃദ്ധനായൊരു പിതാവിനെങ്കിലും
തെല്ലയാവന കൊടുത്തു പോററുവാൻ
ഇല്ല ധാന്യ, മതിനാർ കൃപാംബുധേ!
ഞങ്ങളിൽ കരുണതോന്നിടേണമേ! 32

വേണ്ടപോലെ വിലതന്നുവാങ്ങുവാ-
നുണ്ടു നാണയവു മാകയാൽ വിഭോ!
ശങ്കവേണ്ട, ജവമിങ്ങളക്കുവാ-
നാജ്ഞ കിങ്കരജനത്തിനേകണേ! 33

കൊച്ചു സോദരനൊരുത്തനെന്നിയേ
താതനില്ല തുണയാരുമാകയാൽ
വീട്ടിലെത്തുവതിനായ് തിടുക്കമു-
ണ്ടാവിശേഷവുമുണത്തിടട്ടെയോ?” 34

ഏവമോതി വിരമിച്ചു, തൃപ്പദം-
കൂപ്പി, യുത്തരവുകേട്ടു കൊള്ളുവാൻ
രാജസന്നിധിയിലെന്നമട്ടു താൻ
പഞ്ചപുച്ഛവുമടക്കി മേവിനാർ. 35

ഉള്ളിലേറിട്ടമസൂയമൂലമായ്
തള്ളിവിട്ടസഹജന്റെ സന്നിധൌ
ദാസഭാവമിഹവേണ്ടിവന്നിതാ;
ദൈവനിശ്ചയമലംഘ്യമല്ലയോ! 36

തന്നെ വിററ സഹജാതരേയുടൻ
താനറി,ഞ്ഞവരറിഞ്ഞിടായ്കിലും
പൂർവ്വകാലചരിതങ്ങളാകവേ-
യാവിനാഴികയിലോർത്തു മാനസേ. 37

ഹൃത്തിലൊട്ടിടകലർന്ന ചിന്തകൾ
മെത്തിവന്നരവിനാഴികയ്ക്കകം
എങ്കിലും പകയകക്കരുന്നിനെ-
ത്തീണ്ടിയില്ല; സുജനത്വമാണതു്. 38

പങ്കലേശമിയലാത്ത സോദര-
സ്നേഹമുള്ളിലൊരു ദിവ്യശക്തിപോൽ
ഒന്നുയർന്നു വികസിച്ചു, തൽക്ഷണം
ഭാവഭേദമുളവായ് മുഖാംബുജേ. 39

മെയ്‌വിയൎത്തഥ വിറച്ചു ചുണ്ടുകൾ
ബാഷ്പസങ്കലിതമായി കണ്ണുകൾ
ധീരപൂരുഷനു മേവമെങ്കിലാ
സ്നേഹശക്തിയെതിരററതല്ലയോ? 40

കാണികൾക്കിതൊരു കോപഭാവമായ്
തോന്നുമാറു നിജശബ്ദമാമഹാൻ
ഒന്നുയൎത്തിയധികാരഭാവമോ-
ടേവമോതി ചിലവാക്യമൊക്കെയും. 41

“വഞ്ചകപ്പരിഷ! ചാരസഞ്ചയം!
നാട്ടിലേ സ്ഥിതിയറിഞ്ഞു പോകുവാൻ
വന്നതാണിതിനു തക്കശിക്ഷയു-
ണ്ടിന്നുതന്നെ, ചെറുതില്ല സംശയം. 42

താതനുണ്ടനുജനുണ്ടിതൊക്കെയും
സത്യമെങ്കിലതു കണ്ടറിഞ്ഞിടാം
ഭീതിയെന്തി, നവരിങ്ങുവന്നിടാ-
നാളയയ്ക്കുക, വരട്ടെ സത്വരം. 43

ആരെടോ പരിജനങ്ങൾ ശീഘ്രമി-
ച്ചാരരെത്തടവിലിട്ടടയ്ക്കുവിൻ!
സാരമററ കളിയല്ല, ഗൌരവം
പാരമുള്ള കഥതന്നെയാണിതു.” 44

ഉള്ളിലെ സ്ഥിതി മറച്ചിതൊക്കെയും
വല്ലപാടുമുരചെയ്തു തൽക്ഷണം
കോപഭാവമൊടു തന്നെയാസ്ഥലം
വിട്ടുപള്ളിയറതന്നിലെത്തിനാൻ. 45

"ആരുമിങ്ങുവരികില്ല നിശ്ചയം
സ്വൈരമൊന്നു കരയാമെനിയ്ക്കിനി"
ഏവമോർത്തു ചിറയററ സിന്ധുപോൽ
ബാഷ്പധാരയവനങ്ങൊഴുക്കിനാൻ. 46

കെട്ടിനിൽക്കുമൊരു വെള്ളമൊക്കെയും
വെട്ടിവിട്ടിടുകിലേതു വാപിയും
കാട്ടിടും ചെറുതു ശാന്തഭാവമാ-
മട്ടുഹൃത്തടമവന്നു ശാന്തമായ്. 47

വൃദ്ധനാം ജനകനേയുമോമന-
ക്കൊച്ചുസോദരനെയും നിനയ്ക്കയാൽ
കത്തിടുന്നൊരഴലോടു വീണ്ടുമ-
ങ്ങെത്തി ബന്ധനഗൃഹത്തിലാ മഹാൻ. 48

ശാന്തഭാവമൊടു ചൊന്നു നീതിമാൻ,
"ദൈവശിക്ഷയെ ഭയപ്പെടുന്നു ഞാൻ
ക്ഷാമബാധിതർ വിശപ്പിനാൽ മരി-
ച്ചെങ്കിലോ വലിയ പാപമാണതു്. 49

ആകയാലൊരുവനെത്തടഞ്ഞുകൊ-
ണ്ടന്യരെസ്സ്വപദി വിട്ടയച്ചിടാം
വേണ്ട ധാന്യവുമളന്നു തന്നിടാം
കൊണ്ടുപോവുക വിളംബമെന്നിയേ. 50

ധാന്യമൊക്കെയവിടെക്കൊടുത്തുടൻ
കൊച്ചുസോദരനുമൊത്തു സത്വരം
വന്നിടായ്ക്കിലിഹ ബന്ധനസ്ഥനായ്
മേവിടുന്നവനു മൃത്യു നിശ്ചയം.'' 51

ഏവമോതി,യവർപത്തുപേരിൽ നി-
ന്നൊൻപതാളുകളെ വിട്ടയച്ചുടൻ
ഏകനെത്തടവിലിട്ടു പിന്നെയും
നാമമായവനു "സൈമൺ" എന്നുതാൻ. 52

ആധിയും വലിയ ഭീതിയും കല-
ർന്നുമെയിതരമാർഗ്ഗമെന്നിയേ
താതപാദസവിധേയണഞ്ഞുകൊ-
ണ്ടോതിനാരവർ വിശേഷമൊക്കെയും. 53

വൃദ്ധനാം ജനകനീയുദന്തമോ
ഏത്തിനുഗ്രതരവജ്രശൂലമായ്
ഉത്തരം പറവതിന്നു വാക്കുകൾ
കിട്ടിടാതെ നെടുവീർപ്പുവിട്ടുടൻ. 54

പുത്രദുഃഖജലരാശിതൻ നടു-
ക്കാണ്ടുനീന്തിയുഴലുന്ന വൃദ്ധനേ
ശക്തിയോടതിനടിയ്ക്കു താഴ്ത്തുവാൻ
കൈയ്യുയർത്തിടുകതന്നെയോ വിധി! 55

വഞ്ചിമുങ്ങി വലയുന്ന വേളയിൽ
കിട്ടിടും പലകകെട്ടതാകിലും
ജീവരക്ഷയതിലാഗ്രഹത്തൊടേ -
യേതുധീരനുമതിൽ പിടിച്ചിടും. 56

കണ്മണിക്കു സമനാം കുമാരനെ-
ക്കൈവെടിഞ്ഞ ജനകനുമീവിധം
ജീവിതാശയൊരു മട്ടിലെങ്കിലും
ചേർത്തിടുന്ന സുതനാണു ബഞ്ചമിൻ. 57

തെല്ലുനേരവുമകന്നു വാഴുവാ-
നില്ലശക്തി ജനകന്നു, പുത്രനും
എങ്കിലും സപദി വിട്ടിടായ്കിലോ
സങ്കടം വലുതുവന്നു ചേർന്നിടും. 58

ബന്ധനത്തിലമരുന്ന പുത്രനേ
ശങ്കയറ്റവർ വധിച്ചിടും ദൃഢം
ബാക്കിയുള്ളവർ വിശപ്പുമൂലവും
മൃത്യുവക്ത്രകുഹരത്തിൽ വീണിടും. 59

വൃദ്ധനൊന്നുമുരിയാടിടാതെ ത-
ന്നുത്തമാംഗമതുകൈത്തലങ്ങളിൽ
ചേർത്തിരുന്നിതു വിചാരമഗ്നനായ്
കൃത്യബോധമൊരു ലേശമെന്നിയേ. 60

മക്കളൊക്കെയവിടെപ്പരസ്പരം
നോക്കിനിന്നു ജനകന്റെ ചുററിലും
നാക്കിളക്കിയൊരു വാക്കു മിണ്ടുവാൻ
തക്കധീരത ലഭിച്ചിടായ്കയാൽ. 61

ദീർഘമായൊടുവിലൊന്നു നിശ്വസി-
ച്ചോതിനാൻ ജനകനീവചസ്സുകൾ
“എന്തുസങ്കടമിതെന്റെ മക്കളേ!
ചിന്തചെയ്തിടുക നിങ്ങളേവരും. 62

കാളുമഗ്നിയതിലേക്കു പിന്നെയും
തൈലമങ്ങു ചൊരിയുന്നിതോ വിധി!
കാഴ്ചയററ നയനങ്ങൾ പിന്നെയും
കുത്തിവേദന വരുത്തി വയ്ക്കയോ! 63

സദ്ഗുണാബ്ധി മമ ജീവതുല്യനാം-
മക്കമാരെന്നെ വെടിഞ്ഞ നാൾ മുതൽ
ജീവനുള്ളൊരു ശവം കണക്കു ഞാൻ
ഭൂവിലിങ്ങനെ വസിച്ചിടുന്നിതു്. 64

അന്യദേശമതിൽ ബന്ധനസ്ഥനായ്-
ത്തീൎന്നമററൊരുവനിന്നു, പിന്നെയും
കൊച്ചുബഞ്ചമിനെ വിട്ടയയ്ക്കുവാൻ
നിങ്ങൾ ചൊന്നിടുവതോൎക്കിലത്ഭുതം. 65

അന്ത്യമാത്രയിലവന്റെയാ മുഖം
കണ്ടു ജീവനെ വെടിഞ്ഞുകൊള്ളുവാൻ
ഭാഗധേയമിവനില്ലയെന്നതോ!
ദുസ്സഹം പരമിതോൎത്തു നോക്കിയാൽ. 66

എന്തുനാശവുമണഞ്ഞിടട്ടെ, ഞാ-
നെന്റെയോമനയെ വിട്ടിടാ ദൃഢം"
ഏവമോതി വിരമിച്ചു താത,ന-
ന്നാവചസ്സിനെതിരാരുരച്ചിടും! 67

അന്നു വാങ്ങിയൊരു ധാന്യമൊക്കെയും
തീൎന്നിടുന്നതുവരെയ്ക്കു നാളുകൾ
സ്വൈരമായവർ കഴിച്ചു കൂട്ടിനാർ
ബഞ്ചമിന്റെ കഥ മിണ്ടിടാതെതാൻ. 68

കൊററിനുള്ളൊരു വകയ്ക്കു പിന്നെയും
മററുമാൎഗ്ഗമറിവിൽപെടായ്കയാൽ
പോകുവാൻ ജനകനോതി മക്കളോ-
ടാകവേയവർ വിഷാദമഗ്നരായ്. 69

"കൊച്ചുനേയിവിടെ വിട്ടു ഞങ്ങള-
ഞ്ഞെത്തിയാൽ കരുണലേശമെന്നിയേ
വഞ്ചകപ്പരിഷയെന്നുറച്ചവൻ
കൊന്നിടും സപദി പത്തുപേരെയും. 70

മന്നനുള്ളൊരധികാരമൊക്കെയൊ-
മാന്യനുണ്ടു, കുറവില്ല തെല്ലുമേ
ആകയാലിവരൊടൊത്തു കുട്ടിയേ
വിട്ടയച്ചിടുക നമ്മ കൈവരാൻ. 71

അത്തലേതുമണയാതെ ബാലനേ
സത്യമായ് തിരികെയാനയിച്ചിടാം
ഹൃത്തിലേതുമൊരു കുണ്ഠിതം വിനാ
പാർത്തിടേണമിഹ പുത്രവത്സലാ!" 72

ഇത്ഥമോതി വിരമിച്ച പുത്രരോ-
ടുത്തരം ജനകനെന്നുരച്ചിടും!
സത്യമാണവർ പറഞ്ഞതൊക്കെയും
വൃദ്ധനായതറിയുന്നു വേണ്ടപോൽ. 73

"ഏകനേയിഹ തടഞ്ഞുകൊള്ളുകിൽ
പത്തുപേക്കു മരണം ഭവിച്ചിടും
പോയിടായ്കിലിഹ ഭക്ഷണത്തിനും
മററു മാർഗ്ഗമതു നാസ്തിതന്നെയാം. 74

ദൈവചിത്തമിതു, പോയിടട്ടവൻ
ഭാവിയാരറിവതീശനെന്നിയേ
ഏവമോൎത്തു നിജ കണ്ണിലുണ്ണിയേ
വിട്ടയച്ചിടുവതിന്നുറച്ചവൻ. 75

അത്രയല്ലതിവിശേഷമായ് പലേ
സാധനങ്ങളധിപന്നു കാഴ്ചയായ്
ശേഖരിച്ചവയുമങ്ങയച്ചു തൻ-
മക്കളിൽ കൃപയവന്നു തോന്നുവാൻ. 76

പത്തുകൂപ്പി വിടവാങ്ങി വത്സലർ
പത്തുപേരുമൊരുമിച്ചിറങ്ങവേ
പുത്രവത്സലനു നെഞ്ചകം തപി-
ച്ചെത്തിബാഷ്പമതു കണ്ണു രണ്ടിലും. 77

തെല്ലു ദൂരമവരെത്തുടൎന്നു ചെ-
ന്നല്ലലോടു മരുമക്കുമാരനേ
ചേൎത്തണച്ചഥ പുണൎന്നനുഗ്രഹി-
ച്ചുത്തമാംഗമതിലേകി ചുംബനം. 78

ഈശ്വരന്റെ കൃപയൊന്നിൽ മാത്രമ-
ങ്ങാശ്രയിച്ചുടനയച്ചു മക്കളേ
ഏകനായ് ബഹു വിചാരമഗ്നനായ്
പിന്തിരിഞ്ഞു ഭവനത്തിലെത്തിനാൻ. 79

ഈ വിധം വിരഹതപ്തചിത്തനായ്
ഗേഹസീമ്നിമരുവുന്ന താതനേ
ഓർത്തു മന്ദഗതി മൌനഭാവവും
നൽത്തനൂജരിലുമാർന്നു യാത്രയിൽ. 80

ബഞ്ചമിന്നസുഖമല്ലമെങ്കിലും
വന്നിടാതെ വഴിയാത്രയിൽ പരം
ശ്രദ്ധവച്ചു സഹജാതരൊക്കെയും
വൃദ്ധനാം ജനകനേ നിനയ്ക്കയാൽ. 81

വീട്ടുവിട്ടവരകന്നു, ഹൃത്തിലേ-
യാടലൊക്കെയൊരുമട്ടു ശാന്തമായ്
കാട്ടുമേട്ടു മരുഭൂമിയും കട-
ന്നോടിവാഹനമൃഗങ്ങളൊക്കെയും. 82

ഒട്ടുനേരമവർ യാത്രചെയ്കയും
തുഷ്ടിയോടിടയിൽ വിശ്രമിക്കയും
കാട്ടിലേ പുഴകളിൽ കുളിക്കയും
വീട്ടിലേക്കഥയിടയ്ക്കുരയ്ക്കയും. 83

ഒത്തതൊക്കെ വിധിപോൽ പചിക്കയും
പത്തുപേരുമൊരുമിച്ചശിക്കയും
ഗർദ്ദഭങ്ങളെ നിറച്ചു തീററിയി-
ട്ടെത്രയും പ്രിയമൊടേ നയിക്കയും. 84

വസ്ത്രഗേഹമഴകിൽ ചമച്ചതിൽ
രാത്രിതോറുമവർ നിദ്രചെയ്കയും
ഈ വിധം പലദിനം കഴിഞ്ഞുമെ-
ന്ത്രേനിലെത്തിയവരത്തലെന്നിയേ. (വിശേഷകം)

രാജധാനിയതിഃനാടടുക്കവേ
വ്യാജമല്ല, കുറവായി ധീരത
യാത്ര മന്ദഗതിയായി കൊച്ചനേ-
യോൎത്ത ശങ്കകളകത്തുദിക്കയാൽ. 86

"ബാലകന്നപകടങ്ങൾ വല്ലതും
പററിയാൽ കഥ കഴിഞ്ഞു ദൈവമേ!
ജീവനോടിവരിരിപ്പതെന്തിനായ്?
ചെയ്കണേ കരുണ സൽകൃപാംബുധേ!" 87

ഏവമീശ ചരണം നമിച്ചുകൊ-
ണ്ടേവരും ചെറുതു ധൈൎയ്യപൂൎവ്വമായ്
നാഥസന്നിധിയിലെത്തി വേണ്ടപോൽ
പാദതാർ തൊഴുതുനിന്നു സാദരം. 88

ഒന്നുനോക്കിയവരേ യതീശ്വരൻ
കണ്ടുതൻെറ സഹജാതനേയുടൻ
മാറിടത്തിലവനേയണയ്ക്കുവാൻ
വാഞ്ഛപൂണ്ടു കുതികൊണ്ടു മാനസം. 89

എങ്കിലും ചെറുത്ത ഗൌരവത്തോടെ
ഭൃത്യരിൽ പ്രമുഖനായ മർത്ത്യനോ
ആംഗ്യമാത്രമതിനാലടുക്കലേ-
യ്ക്കാനയിച്ചു ചിലതോതി ശ്രദ്ധമായ്. 90

ആ മനുഷ്യനധിപന്റെ വീട്ടിലേ-
യ്ക്കാദരിച്ചു വഴികാട്ടി തൽക്ഷണം,
കാലുകൾക്കു ജലമേകി വേണ്ടപോ-
ലാലയത്തിലവരേയിരുത്തിനാൻ. 91

സത്വരം കഴുതകൾക്കു വെള്ളവും
പുല്ലുമേകി,യിവയൊക്കെയീവിധം
കണ്ടനേരമളവററ വിസ്മയം
പൂണ്ടുകൊണ്ടവർ പറഞ്ഞിതേവിധം. 92

"അപ്രതീക്ഷിതമതാംവിധത്തിലീ
സൽകൃതിയ്ക്കിവിടെയെന്തു ബന്ധമോ!
പന്തിയല്ല, ശുഭമല്ല ഭാവി, നാം
ബന്ധനത്തിലമരുന്നു നിശ്ചയം. 93

വിട്ടയച്ചിടുകയില്ല നമ്മെയീ
ദുഷ്ടനാമധിപ,നിസ്ഥലത്തു നാം
പെട്ടുപോയ്; സഹജനായ സൈമണെ-
ക്കഷ്ടമേയിവർ വധിച്ചിരിക്കുമോ?" 94

ഏവമായവർ വിഷാദമഗ്നരായ്
നില്ക്കവേയരികിലെത്തി ഭൃത്യനും
"ഭീതിവിട്ട സുഖമായിരിയ്ക്കു"യെ-
ന്നോതി വാസ്തവമുണർത്തിയീവിധം. 95

"കേമമായൊരു വിരുന്നൊരുക്കുവാ-
നുണ്ടുകല്പനയെനിക്കു മാന്യരേ!
വന്നുചേരുമിഹ നാഥനും ദ്രുതം
നിങ്ങളോടുമൊരുമിച്ചശിക്കുവാൻ." 96

പിൻതിരിഞ്ഞവ,നടുത്ത മാത്രയിൽ
കൊണ്ടുവന്നവിടെവിട്ട സൈമണേ
ഒത്തുചേർന്നു പതിനൊന്നു പേരുമാ
വീട്ടിനുള്ളിൽ നിവസിച്ചു ശാന്തരായ്. 97

ഉച്ചനേരവുമടുത്തു വേണ്ടപോൽ
വച്ചൊരുക്കി വിഭവങ്ങളൊക്കെയും
കൊണ്ടുവന്നവിടെ ഭൃത്യസഞ്ചയം;
വന്നുചേർന്നു ഗൃഹനാഥനും ജവം. 98

കാഴ്ചയൊക്കെയുമടുത്തു കൊണ്ടുപോയ്
വച്ചുകാലിണ നമിച്ചു സാദരം
മാറിനിന്നതിവിനീതരായവർ
ചഞ്ചലിച്ച ഹൃദയങ്ങളോടുതാൻ. 99

വൃദ്ധനായ ജനകന്റെ കാൎയ്യവും
വീട്ടിലെസ്ഥിതിയുമൊക്കെയാ മഹാൻ
വിസ്തരിച്ചു വിരവോടു ചോദ്യമാ-
യുത്തരങ്ങളവരോതി ഭീതരായ്. 100

ഉള്ളിലുള്ള വിഷമങ്ങളൊക്കെയും
വല്ലപാടുമകമേ യൊതുക്കിയും
നല്ലവാക്കു പലതും പറഞ്ഞുമം-
രംഗമങ്ങിനെ കഴിച്ചു ബുദ്ധിമാൻ. 101

മോടിയേറിയ വിരുന്നുശാലയിൽ
ചെന്നുചേൎന്നു വിരുന്നിനേവരും
രാജകീയവിഭവങ്ങൾ മേശയിൽ
കണ്ടു കണ്ണുകൾ കുളുൎത്തു തൽക്ഷണം. 102

അദ്വിതീയസുജനപ്രമാണിത-
ന്നാജ്ഞപോലവരിരുന്നു പന്തിയായ്
അഗ്രപീഠമതിലാസനസ്ഥനായ്
നാഥനും തെളിവെഴുംമുഖത്തൊടേ. 103

ആധിഭീതികളകന്നു ഭക്ഷണം
പ്രീതിയോടവർ കഴിച്ചു തൃപ്തരായ്
സ്വന്തമേശയതിൽ നിന്നു കൂടെയും
വീതമേകിയ ചിലൎക്കുമാ മഹാൻ. 104

ഹൃദ്യമായ് ഉലയകന്നമട്ടിലാ-
സ്വാദ്യമായൊരു വിരുന്നിതേവിധം
തീർന്നു, നാട്ടിനു തിരിച്ചു പോകുവാൻ
നിഷ്പ്രയാസമഥ കിട്ടി സമ്മതം. 105

വേണ്ട ധാന്യവുമളന്നു ചാക്കുകൾ
കെട്ടിവച്ചുടനെ ഭൃത്യസഞ്ചയം
ഗർദ്ദഭങ്ങളെയടുത്തുകൊണ്ടുവ-
ന്നാദരിച്ചവരെ യാത്രയാക്കിനാർ. 106

ബെഞ്ചമിന്റെ വിരഹം നിനയ്ക്കവേ
നെഞ്ചകം കഠിനമായ് തപിയ്ക്കയാൽ
സ്നേഹശക്തിയിലമർന്നു കൃത്രിമം
ചെയ്യപോയ് ചിലതു നീതിമാനവൻ. 107

നന്ദിപൂർവ്വമധികാരിയോടവർ
ചെന്നുയാത്രപതിനൊന്നുപേരുമായ്
വന്നടുത്തവിധിയോടു മല്ലിടാ-
നെന്നപോലവിടെനിന്നിറങ്ങിനാർ. 108

പോയതില്ലധികദൂരമപ്പൊഴേ-
യ്യോടിയെത്തിയൊരു രാജസേവകൻ
“നിൽക്ക നിൽക്ക, പരിശോധനയ്ക്കു ഞാൻ
വന്നതാ”ണിദമുറച്ചു ചൊന്നവൻ, 109

അമ്പരന്നവർ തിരിഞ്ഞുനിൽക്കവേ-
യന്തികത്തിലുടനെത്തിനാനവൻ
"മോഷണം വലുതുചെയ്തു നിങ്ങളെ"-
ന്നോതി തെല്ലുമൊരു കൂസലെന്നിയേ. 110

കെട്ടഴിച്ചു ചുമടൊക്കെ നോക്കവേ
ബെഞ്ചമിൻെറ ചുമടിന്നകത്തിതാ
കണ്ടുകിട്ടി തിരുമേനിതൻെറയാ
പാനപാത്രമതു തങ്കനിർമ്മിതം. 111

തൊണ്ടിയോടുമപരാധിയെ ക്ഷണം
കൊണ്ടുപോവതിനൊരുങ്ങി സേവകൻ
കണ്ടുമററവർ സഹിച്ചിടായ്കയാ-
ലിണ്ടലോടവരുമെത്തി പിന്നിലായ്. 112

ചെന്നുഷേൻ തിരുമുമ്പിലേവരും
താണുവീണടിപണിഞ്ഞു ചൊല്ലിനാർ
"പാഹിപാഹി! കരുണാഗുണാംബുധേ!
ബാലരിൽ കരുണചെയ്തിടേണമേ! 113

ചെയ്തിടാത്തൊരപരാധമാണിതെ-
ന്നാകിലും തെളിവുലേശമെങ്കിലും
തന്നിടാനിവരശക്തരാകയാൽ
ദൈവമേകനറിയട്ടെ വാസ്തവം! 114

നാട്ടിന്നീശനവിടുന്നു, ദുഷ്ടരെ-
ക്കൊന്നിടാനധികാരമുള്ളവൻ,
നീതിമാൻ, സുജനരക്ഷകൻ, വിഭോ!
ദാസരിൽ കരുണ തോന്നിടേണമേ!" 115

"ഏതൊരുത്തനിതു ചെയ്തിരിക്കിലും
ന്യായമായടിമയാണെനിക്കവൻ
ബാക്കിയുള്ളവർ തിരിച്ചു പോയിടാം-"
മേവമോതിയധികാരിയുത്തരം. 116

ഈ വചസ്സുകളവർക്കു മാനസേ-
യാധിപാരമുളവാക്കി വയ്ക്കയാൽ
കൃത്യബോധമതു ലേശമെന്നിയേ
സ്തബ്ധരായവിടെ നിന്നുപോയവർ. 117

താണുവീണവരുരച്ചു പിന്നെയും
"ചെയ്യണേ കൃപ ദയാപയോനിധേ!
ബാലനേയിവിടെവിട്ടു പോകുവാൻ
സാദ്ധ്യമല്ലൊരു തരത്തിലും വിഭോ! 118

മററൊരാളവനുവേണ്ടിയിച്ഛപോൽ
കുററമില്ലടിമയായി നിന്നിടാം.
കൊച്ചനേയിഹ തടഞ്ഞു ഞങ്ങളേ
വിട്ടയച്ചിടുക സങ്കടം പരം. 119

സത്യമായി ജനകന്നു ജീവനാ-
ണായവൻ, കളവുലേശമില്ലതിൽ
കാണിനേരമവനെപ്പിരിഞ്ഞിടാൻ
ത്രാണിയില്ല ജരഠന്നു തെല്ലുമേ. 120

ഏതുമേയിതരമാർഗ്ഗമെന്നിയേ
വിട്ടയച്ചവനെ,യാകയാൽപ്പരം
ഖേദമാർന്നു നിമിഷങ്ങളെണ്ണിയാ-
വൃദ്ധനങ്ങു മരുവുന്നതോർക്കണേ! 121

ബെഞ്ചമിൻെറ സഹജാതനേകനാ-
പൂജ്യപാദനുടെ കണ്ണിലുണ്ണിയായ്
വാണിരുന്നിതുകുടുംബദീപമായ്,
നിത്യമായിവരെ വിട്ടുപോയവൻ. 122

ഞങ്ങളിന്നിവനെവിട്ടു സന്നിധൌ
ചെന്നുചേർന്നിടുകിലാവയോധികൻ
ആധിമൂലമിഹലോകജീവിതം
ഭേദമില്ല, മതിയാക്കുമപ്പൊഴേ.”

വൃദ്ധനുള്ളുരുകിയീവചസ്സിനാൽ;
“ഹൃദ്വികാരമകമേയൊതുക്കുവാൻ
സാദ്ധ്യമല്ലിനി”യിദം നിനച്ചുടൻ
ഭൃത്യരേയകലെവിട്ടു തൽക്ഷണം.

കെട്ടിനിന്ന ചിറയററുപോകവേ
വിട്ടുപാഞ്ഞ നദിയെന്ന മട്ടുതാൻ
ശിഷ്ടനപ്പൊഴുതൊഴുക്കി കണ്ണുനീർ
ദൃഷ്ടിയുഗ്മമതിൽനിന്നനർഗ്ഗളം. 125

ബെഞ്ചമിന്നരികിലെത്തി, ബാലനേ
നെഞ്ചിനോടുടനടുത്തണച്ചവൻ
തഞ്ചമായ്ത്തഴുകി,യേകി നെററിയിൽ
തേഞ്ചൊരിഞ്ഞവിധമുള്ള ചുംബനം. 126

കണ്ണീർധാരചൊരിഞ്ഞുകൊണ്ടു സഹജ-
ന്മാരാടു ചൊന്നാനവൻ
“മെസ്രേൽകാർക്കുവിലയ്ക്കുവിററ സഹജൻ
യൌസേപ്പു ഞാനാണിതാ!
വേണ്ടാ ഭീതി,യടുത്തു വന്നിടുക നാ-
മന്യോന്യമാലിംഗനം
ചെയ്തീടാം,മിതു ദൈവചിത്തമതിനാൽ
സ്നേഹിച്ചു ജീവിച്ചിടാം. 127

മുന്നത്തെത്തെറേറാർത്തു നിങ്ങളിനിയും
ഖേദിക്കവേണ്ടതുമേ
ഇന്നത്തെസ്ഥിതികണ്ടിരുന്ന കരുണാ-
സമ്പൂർണ്ണനാമീശ്വരൻ
ഇന്നാട്ടിന്നധിനാഥനായ് സഹജരെ-
പ്പാലിക്കുവാൻ വേണ്ടിയാ-
ണന്നീമട്ടിവിടേയ്ക്കയച്ചതിവനേ;-
യാരും പിഴച്ചില്ലതിൽ. 128

എല്ലാ മംഗളവാൎത്തയും ജനകനേ
വേഗം ധരിപ്പിക്കുവിൻ
സോല്ലാസം ജവമെന്നടുക്കലവനെ-
ക്കൊണ്ടിങ്ങുവന്നീടുവിൻ,
വല്ലായ്മയ്ക്കടിമപ്പെടാതവിടെ നി-
ന്നേത്തും വിളംബം വിനാ
കല്യാണം ബത കൈവരാനഖിലരും
വന്നിങ്ങു പാൎത്തീടുവിൻ.'' 129

വല്ലാതുള്ളൊരു ഭീതി,ലജ്ജ,സഹജ-
സ്നേഹം, മനസ്തുഷ്ടിയെ-
ന്നെല്ലാം തമ്മിലിടഞ്ഞു നേത്രസലിലം
ചിന്തുന്നതന്നഗ്ര്യരേ
കല്യൻ സ്നേഹപുരസ്സരം സവിനയം
മാറോടണച്ചാദരി-
ച്ചെല്ലാൎക്കും നിജ ചുംബനങ്ങളരുളി-
സ്സന്തുഷ്ടരാക്കീടിനാൻ. 130

മെച്ചംകൂടിയ വാഹനങ്ങൾ, സഹജ-
ന്മാൎക്കും പിതാവിന്നുമാ-
യിച്ഛയ്ക്കൊത്തവിധം വിശിഷ്ടതരമാ-
യുള്ളോരു വസ്ത്രങ്ങളും
പൊന്നും വെള്ളിയുമൊക്കെയേകിയവരേ
വിട്ടിട്ടു തൻതാതനെ-
ത്തന്നേയോൎത്തു ഘൃണാംബുരാശി പകലും
രാവും കഴിച്ചീടിനാൻ. 131

* ഇസ്രായേൽ നിജപുത്രപൌത്രരൊരുമി-
    ച്ചെത്തീടിനാൻ സത്വരം
മെസ്രേനിൽ; പരിവാരപൂൎവ്വമെതിരേ
    യൌസേപ്പണഞ്ഞീടവേ
ആനന്ദാശ്രുപൊഴിച്ചുകൊണ്ടു സുതനെ-
    ക്കെട്ടിപ്പിടിച്ചീടിനാൻ
താതൻ, തൽപ്പദതാർ നമിച്ചു മകനും
    കണ്ണീർ പൊഴിച്ചീടിനാൻ. 132

എല്ലാ സംഗതിയും ഗ്രഹിച്ചു പരവോൻ
    മോദിച്ചു സൌജന്യമായ്
ചൊല്ലേറുന്നൊരു ദേശമേകിയവരെ-
    പ്പാൎപ്പിച്ചു വേണ്ടുംവിധം
കല്യൻ, തന്റെ കിനാവുപോൽ സ്വജനസം-
    രക്ഷാഭരം കൈവരി-
ച്ചെല്ലാരും വിധിവൈഭവത്തെയനിശം
    കീൎത്തിച്ചു; സന്മംഗളം. 133

---

* യാക്കോബിനു ദൈവദത്തമായ അപരനാമമാണിതു്. "ദൈവത്തോടു യുദ്ധംചെയ്തു ജയിച്ചവൻ" എന്നാണിതിന്റെ അൎത്ഥം.

DHARMARAM LIBRARY

BANGALORE-560 029

| Due Date | Due Date | Due Date |
| --- | --- | --- |
| | | |

CT Library
*00012360*
T61 B437 C2

T61
344

61
437
2

T61
B44